## ശാസ്ത്ര സാങ്കേതിക നയം

18 (*318) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ശാസ്ത്രസാങ്കേതിക നയത്തിന് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) യുവജനങ്ങൾക്ക് പ്രയോജനപ്പെടുത്തുവാൻ ലഭിക്കുന്ന വസ്തുതകൾ പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതിന്റെ കരട് രൂപം പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത നയം നടപ്പിലാക്കുന്നതിന് മുൻപ് ബന്ധപ്പെട്ടവരുമായി ചർച്ചനടത്തുന്ന കാര്യം പരിഗണിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ,

(എ) ഉദ്ദേശിക്കുന്നുണ്ട്. ശാസ്ത്ര സാങ്കേതിക വിദഗദ്ധ സമിതികളുടെ പര്യാലോചനകളുടെ ഫലമായി പുറത്തുകൊണ്ടുവന്ന കരട് നയം 25-ാമത് കേരള ശാസ്ത്ര കോൺഗ്രസ്സിൽ പ്രസിദ്ധപ്പെടുത്തുകയും അത് കേരള ശാസ്ത്ര സമൂഹത്തിന്റെ അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ട് പുറത്തുകൊണ്ടുവരുകയും ചെയ്തിട്ടുണ്ട്.

(ബി) കരട് നയത്തിൽ ഈ വിഷയത്തിന് ഏറ്റവും വലിയ പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. യുവ ശാസ്ത്രജ്ഞരെ അംഗീകരിക്കുന്നതിനും അവരെ ലോക ശാസ്ത്രജ്ഞരുടെ മുൻനിരയിലേക്ക് വരുംവർഷങ്ങളിൽ പ്രത്യേകം തയ്യാറാക്കപ്പെട്ടിട്ടുള്ള പരിപാടികളിലൂടെ കൊണ്ടുവരുന്നതിനും ഉതകുന്ന വിവിധ പദ്ധതികൾ പുതിയ ശാസ്ത്ര-സാങ്കേതിക നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. മറ്റ് യുവജന സംബന്ധിയായ പദ്ധതികൾ ശാസ്ത്ര-സാങ്കേതിക തലത്തിൽ യുവ വ്യവസായ സംരംഭകർക്കും/വിദ്യാർത്ഥികൾക്കും പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും കുട്ടികൾക്കിടയിൽ ശാസ്ത്ര അവബോധം വളർത്തുകയും ശാസ്ത്രം ഉപജീവനമാക്കി മാറ്റുന്നതിനായി അവരെ പ്രേരിപ്പിക്കുക, ശാസ്ത്രജ്ഞർക്ക് പരിശീലനം നൽകുന്നതിനായി വിദഗ്ധരായ പരിശീലകരെ തെരഞ്ഞെടുക്കുന്നതിനായി ഒരു പദ്ധതി ആവിഷ്ക്കരിക്കുക എന്നിവയാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(സി) പ്രസിദ്ധീകരിച്ചിട്ടുണ്ട്. 25-ാമത് ശാസ്ത്ര കോൺഗ്രസിൽ ഇത് ശാസ്ത്ര സമൂഹത്തിന്റെ അഭിപ്രായത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. 2013 ഫെബ്രുവരി 7 മുതൽ 9 വരെ നടന്ന ദേശീയ ശാസ്ത്ര സമ്മേളനത്തിലും ഇതിനെപ്പറ്റി പ്രതിപാദിക്കുകയും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുകയും ചെയ്തിട്ടുണ്ട്. വെബ്സൈറ്റിൽ ഇത് ഉടൻ തന്നെ പ്രസിദ്ധീകരിക്കും. അച്ചടിച്ച കോപ്പികൾ ഭരണതലത്തിലും നിയമസഭാ തലത്തിലും പൊതു സമൂഹത്തിലും വിതരണം ചെയ്യും. വരുന്ന മൂന്ന് മാസം ഇതിനെപ്പറ്റിയുള്ള ചർച്ചകൾ സംഘടിപ്പിക്കും. ഇവയിൽ നിന്നുരുത്തിരിയുന്ന കർമ്മപദ്ധതി നടപ്പിലാക്കാനുള്ള നിയമാനുസൃത പദ്ധതികൾ ആവിഷ്ക്കരിക്കും.



LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരിഗണിച്ചിട്ടുണ്ട്. കരട് നയം അക്കാദമിക, ശാസ്ത്ര ഭരണ, പൊതുസമൂഹ തലങ്ങളിൽ ചർച്ച ചെയ്യാനുള്ള വേദികൾ വരുന്ന മൂന്ന് മാസങ്ങളിൽ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഒരുക്കും.

## പുതിയ മത്സ്യബന്ധന നിയമം

19 (*319) ശ്രീ. തോമസ് ചാണ്ടി :
ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യ ലഭ്യത കുറഞ്ഞ സംസ്ഥാനത്ത്, പുതിയ മത്സ്യബന്ധന നിയമം നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം പ്രതിസന്ധി രൂക്ഷമാക്കുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയായി പുതിയ നിയമത്തിൽ സൂചിപ്പിച്ചിരിക്കുന്ന 12 നോട്ടിക്കൽ മൈൽ (23 കിലോ മീറ്റർ) കഴിഞ്ഞുള്ള 200 നോട്ടിക്കൽ മൈൽ വരെയുള്ള ഭാഗത്ത് മത്സ്യബന്ധനം നടത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ പെർമിറ്റും ലൈസൻസും നിർബന്ധമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പുതിയ മത്സ്യബന്ധന നിയമത്തിൽ സംസ്ഥാന സർക്കാരിന്റെ അധികാര പരിധി സംബന്ധിച്ച് ആവശ്യമായ ഭേദഗതി വരുത്തുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

സർ,

(എ) സമുദ്ര മൽസ്യോൽപാദനത്തിൽ കേരളത്തിന് രണ്ടാം സ്ഥാനമാണുള്ളത്. മറൈൻ ഫിഷറീസ് (റഗുലേഷൻ ആന്റ് മാനേജ്മെന്റ്) ബിൽ 09 എന്ന പേരിൽ കടലിലെ മൽസ്യബന്ധനം നിയന്ത്രിക്കുന്നതിനുള്ള ഒരു ബിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും അറിയിപ്പുകളൊന്നും ഇതുവരെയും ലഭിച്ചിട്ടില്ല.

(ബി) 12-2-2010-ൽ കേന്ദ്ര സർക്കാർ വിളിച്ചുകൂട്ടിയ യോഗനടപടിക്കുറിപ്പിൽ കേരള ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. മേൽസാഹചര്യത്തിൽ ടി കരട് ബില്ലിന്റെ സെക്ഷൻ 8 ഭേദഗതി വരുത്തണമെന്നും മിനിറ്റ്സ് ഭേദഗതി വരുത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കേരളത്തിന്റെ അധികാര പരിധിയായ 12 നോട്ടിക്കൽ മൈലിനപ്പുറമുള്ള ഏത് കാര്യവും നിയന്ത്രിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനാണ്. കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട സമുദ്ര മൽസ്യബന്ധന (നിയന്ത്രണവും പരിപാലനവും) ബില്ലിന്റെ കരടിൽ ആഴക്കടലിൽ മൽസ്യബന്ധനം നടത്തുന്ന ഏത് യാനവും പ്രത്യേക പെർമിറ്റ് എടുക്കണമെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഡി) ആവശ്യമായ ശുപാർശകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly